LIBRARY ARCHIVES Kerala Legislative Assembly

സോണീഷിന്റെ ദുരൂഹ മരണത്തെക്കുറിച്ച് പ്രത്യേക അന്വേഷണം

66 (1811) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ താമസക്കാരൻ ആയിരുന്ന സോണീഷിന്റെ ദുരൂഹ മരണം പ്രത്യേക അന്വേഷണ സംഘത്തെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ :

(സി) കേസന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി&സി) ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സോണീഷിന്റെ മരണവുമായി ബന്ധപ്പെട്ട് അരൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 586/09 യു/സി.174 ക്രൈം പി.സി. നമ്പർ കേസ് പോലീസ് ഡയറക്ടർ ജനറലിന്റെ 11-4-2010-ലെ ഡി.2/105013/2010 നമ്പർ ഉത്തരവ് പ്രകാരം ക്രൈം ബ്രാഞ്ചിന് വിശദമായ അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. ടി കേസ് ക്രൈം 384/സി.ആർ/എച്ച്.എച്ച്.ഡബ്ല്യു.1/തിരുവനന്തപുരം/10 നമ്പറായി കേസ് റി-രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ചിന്റെ ആലപ്പുഴ സബ് യൂണിറ്റിലെ ഡിറ്റക്ടീവ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു.

(ഡി) സോണീഷിന്റെ മരണത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്നവരുൾപ്പെടെ 30 ഓളം പേരെ ചോദ്യം ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും, സോണീഷിന്റെയും മറ്റും മൊബൈൽ ഫോൺ, കാൾ ഡീറ്റെയിൽസ് എന്നിവ പരിശോധന നടത്തിയിട്ടുള്ളതും ആകുന്നു. ഇനി ഇതിലേക്ക് രാസപരിശോധനാ ഫലം ലഭിക്കേണ്ടതായും കൂടുതൽ അന്വേഷണം നടത്തേണ്ടതായും ഉണ്ട്. അന്വേഷണം പുരോഗമിക്കുന്നു.

ഖാസി സി. എം. അബ്ദുല്ല മൗലവിയുടെ ദുരൂഹമരണം സംബന്ധിച്ച അന്വേഷണം

67 (1812) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്പരിക്ക-മംഗലാപുരം ഖാസിയായിരുന്ന സി.എം. അബ്ദുല്ല മൗലവിയുടെ ദുരൂഹ മരണം സംബന്ധിച്ച അന്വേഷണം ഏതെല്ലാം ഏജൻസികളാണ് നടത്തിയതെന്നും അവരുടെ അന്വേഷണത്തിലെ പുരോഗതി എന്തായിരുന്നു എന്നും വ്യക്തമാക്കുമോ :

(ബി) പ്രസ്തുത അന്വേഷണം സിബിഐ.-ക്ക് കൈമാറിയത് എന്നായിരുന്നു എന്നും സി.ബി.ഐ. അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ?